Talented Bankers Literary Panel
പുസ്തകപരിചയം 277

പുസ്തകം പരിചയപ്പെടുത്തുന്നത്,
ആശിഷ് ബെൻ അജയ്,
ബാങ്ക് ഓഫ് ഇന്ത്യ,
സോണൽ ഓഫീസ്,
കേരള സോൺ, എറണാകുളം

ഈസഹാക്കിന്റെ വിരുന്ന്
മോസ് വർഗീസ്

കുറച്ച് നാളുകൾക്ക് മുൻപാണ് ഈ പുസ്തകം വാങ്ങിയതെങ്കിലും ഒന്നെടുത്തു വായിക്കുവാൻ സമയവും സാഹചര്യങ്ങളും ഒത്തുവന്നത് ഇന്നലെയാണ്. ഞാൻ ഒരു സ്ലോറീഡർ ആണ്. പൊതുവെ വളരെ പതിയെയാണ് ഞാൻ വായിക്കുന്നത്. സാധാരണ ഒരു പുസ്തകം കയ്യിലെടുത്താൽ അഞ്ചാറു ഇടവേളകളിലായിട്ടാണ് വായിച്ചു തീർക്കുന്നത്. പക്ഷെ ഈ പുസ്തകം എന്റെ ആ പതിവ് തെറ്റിച്ചു. ഇന്നലെ രാത്രി പുസ്തകം കയ്യിലെടുത്തു, വായന തുടങ്ങി. വായന നിർത്തിയത് ഈ പുസ്തകത്തിന്റെ അവസാന വരി വായിച്ചപ്പോഴാണ്. ❤️ നിസ്സംശയം പറയാം- Mose Varghese- This man has talents. 👍നല്ല ഒഴുക്കുള്ള എഴുത്ത്. ആഖ്യാനവും ഭാഷശൈലിയും മികച്ചു നിൽക്കുന്നു. മോസ് എന്ന യുവഎഴുത്തുകാരന്റെ ആദ്യപുസ്തകമാണെങ്കിലും, അതിന്റെതായ യാതൊരുവിധ പോരായ്മകളോ പ്രശ്നങ്ങളോ ഈ പുസ്തകത്തിൽ ഇല്ല എന്നത് ശ്രദ്ധേയമായൊരു കാര്യം തന്നെയാണ്.

ഫെർണാണ്ടോ എന്ന ഷെഫാണ് നമ്മുടെ കഥാനായകൻ. ശ്രീലങ്കയിൽ ജോലി ചെയുന്ന ഫെർണോ പാചകത്തിൽ ബഹുകേമനാണ്. അദ്ദേഹത്തിന്റെ കയ്യിൽ നിന്നും ഭക്ഷണം കഴിച്ചവർക്കാർക്കും ആ രുചി ഒരിക്കലും മറക്കാനാവില്ല. അത്തരത്തിൽ ഒരാൾ, അയാൾക്ക് ഒരു വല്യ ഓഫർ നൽകുന്നു. നാട്ടിൽ ഒരാഴ്ച്ചക്കാലം തന്റെ സുഹൃത്തുക്കൾക്കൊപ്പം ഒരു ഫാം ഹൌസിൽ ചിലവിടണം, വിഭവസമൃദമായ ഭക്ഷണം പാചകം ചെയ്ത് നൽകണം. ആദ്യം ഫെർണോ ഒട്ടും തന്നെ താല്പര്യം പ്രകടിപ്പിച്ചില്ലെങ്കിലും, അയാൾ വെച്ചുനീട്ടിയ പണം അയാളുടെ ഉള്ളിലെ പ്രാരാബ്ധക്കാരനെ സമ്മതം മൂളിപ്പിക്കുന്നു. തുടർന്ന് അധികം വൈകാതെ നാട്ടിലെത്തുന്ന ഫെർണോയെയും കൂട്ടി കൂട്ടുകാരുടെ ആ സംഘം മണിമലയിലെ ഒരു ഫാംഹൌസിൽ എത്തുന്നു. കഥ അവിടെ നിന്നും ഗംഭീര ടിസ്റ്റ്കളിലേയ്ക്ക് കടക്കുന്നു. മണിമലയിൽ എത്തുന്ന ഫെർണോയേ അയാളുടെ ഭൂതകാലസ്മരണകൾ വല്ലാതെ വേട്ടയാടുന്നു. ബാക്കി കഥയിലേയ്ക്ക് ഞാൻ കടക്കുന്നില്ല. കാരണം എന്ത് പറഞ്ഞാലും അത് സ്പോയിലെർ ആകും. ഒന്ന് പറയാം, ഈ അടുത്ത കാലത്ത് ഞാൻ വായിച്ച ത്രില്ലെർ കഥകളുടെ കൂട്ടത്തിൽ, മനസ്സിന്

ഇഷ്ട്ടമായ വളരെ ചുരുക്കം പുസ്തകങ്ങളെ ഉള്ളൂ.. ആ കൂട്ടത്തിലേയ്ക്ക് ഞാൻ ഈ പുസ്തകത്തെയും ചേർക്കുന്നു. എഴുത്തുകാരന് ആശംസകൾ. ❤️ പുസ്തകം ഇനിയും ഏറെ കോപ്പികൾ വിറ്റഴിയട്ടെ എന്നാശംസിക്കുന്നു.

പ്രസാധകർ: ഗ്രീൻ ബുക്സ്
വില: Rs.245/-